(ബി) ഏത് തരം ഫണ്ട് ഉപയോഗിച്ചാണ് ഈ പദ്ധതി നടപ്പിലാക്കി വരുന്നത്;

(സി) പ്രസ്തുത പദ്ധതി എന്നത്തേക്ക് കമ്മീഷൻ ചെയ്യുവാനാണ് ഉദ്ദേശിച്ചിരുന്നത്;

(ഡി) ഈ പദ്ധതി നടപ്പിലാവുന്നത് സംബന്ധിച്ച് വാട്ടർ അതോറിറ്റിയും ഇറിഗേഷൻ വകുപ്പും തമ്മിൽ ഏതെങ്കിലും തരത്തിലുള്ള തർക്കം ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) പ്രസ്തുത വകുപ്പുകൾ തമ്മിൽ ഉള്ള തർക്കം പരിഹരിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(എഫ്) ഇല്ലെങ്കിൽ ഇതിനാവശ്യമായ നടപടി സ്വീകരിക്കുവാൻ തയ്യാറാകുമോ?

ഉത്തരം

(എ) 1997-ൽ ആണ് വടക്കാഞ്ചേരി നിയോജകമണ്ഡലത്തിലെ തെക്കുംകര ശുദ്ധജലവിതരണ പദ്ധതി ആരംഭിച്ചത്.

(ബി) കേന്ദ്ര ഗവൺമെന്റിന്റെ ത്വരിത ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതിയ്ക്കായുള്ള (എ. ആർ. പി.) ഫണ്ട് ഉപയോഗിച്ചാണ് ഈ പദ്ധതി നടപ്പിലാക്കി വരുന്നത്.

(സി) പ്രസ്തുത പദ്ധതി ആദ്യഘട്ടത്തിൽ 2001 ഡിസംബറിൽ കമ്മീഷൻ ചെയ്യുവാനാണ് ഉദ്ദേശിച്ചിരിക്കുന്നത്. ഇപ്പോൾ 2005 ഡിസംബറിൽ കമ്മീഷൻ ചെയ്യുവാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഇ) ജലസേചനവകുപ്പും കേരള വാട്ടർ അതോറിറ്റിയും ചേർന്ന് ഇൻസ്പെക്ഷൻ നടത്തി വാഴാനി ഡാമിൽ നിന്നും സ്പീപ്പേജ് ആയി പോകുന്ന കനാലിൽ കിണർ കുഴിച്ച് പദ്ധതി നടപ്പിലാക്കുവാൻ തീരുമാനിച്ചു. ഇതിൻപ്രകാരം പണികൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(എഫ്) ബാധകമല്ല.

കൊല്ലം ജില്ലയിൽ പവിത്രേശ്വരം പഞ്ചായത്തിലെ ശുദ്ധജല വിതരണ പദ്ധതി

63 [3206] ശ്രീ. കെ. മുഹമ്മദാലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം ജില്ലയിൽ പവിത്രേശ്വരം പഞ്ചായത്തിലെ ശുദ്ധജലവിതരണ പദ്ധതിയുടെ പ്രവൃത്തികൾ ഇപ്പോൾ ഏതു ഘട്ടത്തിലാണ്;

LIBRARY ARCHIVES Kerala Legislative Assembly

(ബി) പ്രസ്തുത പഞ്ചായത്തിൽ രൂക്ഷമായ ജലക്ഷാമം നേരിടുന്ന കരിമ്പിൻപുഴ വാർഡിൽ ശുദ്ധജലം ലഭിക്കുന്നതിന് എന്തെങ്കിലും സത്വര നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ അവ ഏതെല്ലാം; വിശദാംശം വ്യക്തമാക്കാമോ;

(സി) ഈ വിഷയം സംബന്ധിച്ച ടെണ്ടർ നടപടി കൈകൊണ്ടിട്ടുണ്ടോ; ടെണ്ടർ ക്ഷണിച്ചതിനെത്തുടർന്ന് എന്തൊക്കെ മേൽനടപടികളാണ് സ്വീകരിച്ചത്;

(ഡി) പൈപ്പിടുന്നതിനും ടാപ്പിടുന്നതിനും എന്തെങ്കിലും നടപടി നാളിതുവരെ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കുമോ;

(ഇ) നാളിതുവരെ യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ലെങ്കിൽ ജലവിതരണത്തിനുള്ള എല്ലാ സൗകര്യങ്ങളും അടിയന്തിരമായി സജ്ജമാക്കി പ്രസ്തുത വാർഡിൽ ശുദ്ധജലവിതരണം നടത്തുന്നതിന് നടപടി സ്വീകരിക്കുമോ;

(എഫ്) എന്നത്തേയ്ക്ക് പ്രസ്തുത പദ്ധതികൾ നടപ്പിലാക്കാമെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഈ പദ്ധതി 2001 മാർച്ച് മാസത്തിൽ ഭാഗികമായി കമ്മീഷൻ ചെയ്തു. റോ വാട്ടർ പമ്പിംഗ് മെയിനിലെ ജോയിന്റുകളിലെ ചോർച്ച, വോൾട്ടേജ് ഡ്രോപ്പുമൂലം രാത്രിയിൽ ഏറിയ സമയവും പമ്പിംഗ് നടത്താനാവാത്ത അവസ്ഥ, തുടരെയുള്ള വൈദ്യുതി തടസ്സങ്ങൾ എന്നിവ നിമിത്തം പദ്ധതിയുടെ പ്രവർത്തനം പൂർണ്ണതോതിൽ കാര്യക്ഷമമായി നടത്തുവാൻ സാധിക്കുന്നില്ല. ഈ അപാകതകൾ പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) കരിമ്പിൻപുഴ വാർഡിൽ 9 കി. മീ. നീളം വരുന്ന ജലവിതരണ പൈപ്പുകളും 15 പൊതു ടാപ്പുകളും സ്ഥാപിച്ച് ജലവിതരണം കാര്യക്ഷമമാക്കുവാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(സി) ടെണ്ടർ നടപടി കൈക്കൊണ്ടിട്ടുണ്ട്. പുനലൂരിൽ നിന്നുള്ള 500 മി. മി. പ്രിമോ റോ വാട്ടർ പമ്പിംഗ് മെയിനിലെ ജോയിന്റുകളിലെ ചോർച്ച മാറ്റുന്നതിനായി മുംബൈയിലുള്ള 'ഇൻഡ്യൻ ഹ്യൂം' പൈപ്പ് കമ്പനിക്ക് പ്രവൃത്തി തുടങ്ങുന്നതിനുള്ള അനുമതി നൽകിയിട്ടുണ്ട്. രാത്രികാലങ്ങളിൽ അനുഭവപ്പെടുന്ന വോൾട്ടേജ് കുറവ് പരിഹരിക്കുന്നതിനായി പുനലൂർ, കുന്നിക്കോട്, എഴുകോൺ എന്നീ പമ്പ് ഹൗസുകളിൽ വോൾട്ടേജ് ബൂസ്റ്ററുകൾ സ്ഥാപിക്കുന്നതിന് ടെണ്ടർ ക്ഷണിച്ചുകഴിഞ്ഞു. തുടരെയുള്ള വൈദ്യുതി തടസ്സങ്ങൾ പരിഹരിക്കുന്നതിന് നേരിട്ട് കുന്നിക്കോട് പമ്പ് ഹൗസിലേക്ക് 11 കെ. വി. ലൈൻ സ്ഥാപിച്ചിട്ടുണ്ട്.

(ഡി, ഇ) പവിത്രേശ്വരം പഞ്ചായത്തിൽ 66 കി. മീ. ജലവിതരണ പൈപ്പുകളും 60 പൊതുടാപ്പുകളും കരിമ്പിൻപുഴ വാർഡിൽ 9 കി. മീ. ജലവിതരണ പൈപ്പുകളും 15 പൊതുടാപ്പുകളും സ്ഥാപിച്ചിട്ടുണ്ട്. കുണ്ടറ ശുദ്ധജല വിതരണ പദ്ധതിയിൽ നിന്നുള്ള

LIBRARY ARCHIVES Kerala Legislative Assembly

ജലവിതരണം കാര്യക്ഷമമാക്കാനുള്ള നടപടികൾ നടന്നുവരുന്നു. ഈ പ്രവൃത്തികൾ പൂർത്തിയാകുന്നതോടുകൂടി കരിമ്പിൻപുഴ വാർഡിലും ജലലഭ്യത കാര്യക്ഷമമാകുമെന്ന് പ്രതീക്ഷിക്കുന്നു.

(എഫ്) കുണ്ടറ ജലവിതരണ പദ്ധതിയുടെ നവീകരണം ഉൾപ്പെടെയുള്ള പ്രവർത്തനങ്ങൾ ഉദ്ദേശം 6 മാസം കൊണ്ട് പൂർത്തിയാക്കാൻ ലക്ഷ്യമിട്ടിരിക്കുന്നു.

മണ്ണാർക്കാട് നിയോജകമണ്ഡലത്തിലെ ശുദ്ധജല വിതരണ പദ്ധതികൾ

64 [3207] ശ്രീ. കളത്തിൽ അബ്ദുള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണ്ണാർക്കാട് നിയോജകമണ്ഡലത്തിൽ കെ. ആർ. ഡബ്ല്യൂ. എസ്. എ. എസ്.-ൽ ഉൾപ്പെടുത്തി കോട്ടോപ്പാടം, പുതൂർ, തച്ചനാട്ടുകര പഞ്ചായത്തുകളിൽ നടപ്പിലാക്കുന്ന ശുദ്ധജലവിതരണ പദ്ധതികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണ്;

(ബി) ഈ പദ്ധതികളുടെ പ്രവർത്തന പുരോഗതി വിലയിരുത്താൻ എം. എൽ. എ. അടക്കമുള്ള ജനപ്രതിനിധികളെ ഉൾപ്പെടുത്തി ഒരു അടിയന്തിര യോഗം വിളിച്ചു ചേർക്കാൻ ഗവൺമെന്റ് സത്വര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 2003 ഡിസംബർ മാസത്തോടെ ആസൂത്രണ ഘട്ട പ്രവർത്തനങ്ങൾ പൂർത്തിയാക്കാൻ ലക്ഷ്യമിട്ടിരിക്കുന്ന കോട്ടോപ്പാടം, പുതൂർ, തച്ചനാട്ടുകര എന്നീ പഞ്ചായത്തുകളിലെ കെ. ആർ. ഡബ്ല്യൂ. എസ്. എ. നടപ്പിലാക്കുന്ന ജലനിധി പദ്ധതി ഇപ്പോൾ പ്രാരംഭഘട്ടത്തിലാണ്.

(ബി) ഈ പദ്ധതികളുടെ പ്രവർത്തന പുരോഗതി വിലയിരുത്താൻ എം. എൽ. എ. അടക്കമുള്ള ജനപ്രതിനിധികളെ ഉൾപ്പെടുത്തി പ്രത്യേക അവലോകന യോഗം ചേരാവുന്നതാണ്.

കുമരംപത്തൂർ കുടിവെള്ള പദ്ധതിയുടെ പുരോഗതി

65 [3208] ശ്രീ. കളത്തിൽ അബ്ദുള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണ്ണാർക്കാട് നിയോജക മണ്ഡലത്തിലെ കുമരംപത്തൂർ കുടിവെള്ള പദ്ധതി ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വിശദീകരിക്കുമോ;

(ബി) പ്രസ്തുത പദ്ധതിയുടെ പുരോഗതി വിലയിരുത്തുന്നതിന് എന്തെല്ലാം നടപടിയാണ് സ്വീകരിച്ചുവരുന്നത്;

(സി) ഈ പദ്ധതി എന്നത്തേക്ക് പണി പൂർത്തിയാക്കി പ്രവർത്തനക്ഷമമാക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly